**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 509** **17-03-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ ഹൈവേയ്ക്ക് കിഫ്ബി ഫണ്ടുപയോഗിച്ച് സ്ഥലമേറ്റെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കിയ കിഫ്ബി പദ്ധതിയ്ക്ക് സമാനമായ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കിയ കിഫ്ബിയ്ക്ക് സമാനമായി National Bank for Financing Infrastructure and Development (NBFID) എന്ന സംവിധാനം കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. National Bank for Financing Infrastructure and Development Act, 2021 മുഖേനയാണ് ഇത് രൂപീകരിച്ചിട്ടുള്ളത്. ഇന്ത്യയിൽ ദീർഘകാല നോൺ റിസോഴ്സ് വികസനത്തെ പിന്തുണക്കുന്നതിനും രാജ്യത്ത് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസിംഗ് തുടരുന്നതിനും ആവശ്യമായ ഡെറിവേറ്റീവ് മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് ധനസഹായം നൽകുന്നതിനുമായാണ് ഈ സംവിധാനം ആവിഷ്കരിച്ചിരിക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് സമസ്ത മേഖലകളിലും കിഫ്ബി വഴി നടത്തി വരുന്ന വികസന പ്രവർത്തനങ്ങൾ തടയുംവിധം കിഫ്ബിയുടെ കടമെടുപ്പിനെ പൊതുകടത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന കേന്ദ്ര സർക്കാർ നയം തിരുത്തുന്നതിനാവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് നടത്തി വരുന്നതെന്ന് അറിയിക്കാമോ; | (ബി) | കിഫ്ബിയുടെ കടമെടുപ്പിനെ പൊതുകടത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന കേന്ദ്ര സർക്കാർ നയത്തിലെ നിയമ പ്രശ്നങ്ങളെല്ലാം ചൂണ്ടിക്കാട്ടി ഇവ സംസ്ഥാനത്തിന്റെ പ്രവർത്തനത്തേയും വികസന താല്പര്യങ്ങളേയും എങ്ങനെ തടസപ്പെടുത്തുന്നു എന്ന് വിശദമാക്കുന്ന കത്തുകൾ കേന്ദ്ര സർക്കാരിന് ഇതിനോടകം നൽകിയിട്ടുണ്ട്. കൂടാതെ ഈ നിയമപ്രശ്നങ്ങളെല്ലാം വിശദമാക്കുന്ന ഒരു മെമ്മോറാണ്ടം മന്ത്രിസഭയുടെ അംഗീകാരത്തോടെ ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് അയച്ചിട്ടുണ്ട്. |
| (സി) | പതിറ്റാണ്ടുകളായി സാധ്യമാകാതിരുന്ന ദേശീയ ഹൈവേ വികസനത്തിനായി കിഫ്ബി ഫണ്ടുപയോഗിച്ച് സ്ഥലമേറ്റെടുക്കുന്നതടക്കമുള്ള നടപടികൾ അതിവേഗം നടപ്പിലാക്കാൻ കഴിഞ്ഞതുകൊണ്ട് ഈ രംഗത്ത് കൈവരിക്കാൻ | (സി) | കേരളത്തിലെ സ്ഥലമെടുപ്പിനുള്ള ഉയർന്ന ചെലവിന്റെ പേരിൽ പതിറ്റാണ്ടുകളായി തഴയപ്പെട്ട സംസ്ഥാനത്തെ ദേശീയപാതാ വികസനം, ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 25% സംസ്ഥാനത്തിന്റെ വിഹിതം NHAIയ്ക്ക് കിഫ്ബി നൽകിയതോടെ |

| | | | |
|---|---|---|---|
| | കഴിഞ്ഞ നേട്ടം സംബന്ധിച്ച വിശദാംശം നൽകുമോ; | | പുനരുജ്ജീവിക്കുകയാണ് ഉണ്ടായത്. സംസ്ഥാനത്തിന്റെ 25% വിഹിതത്തിൽ NHAI-ക്ക് മൊത്തം 6769 കോടി രൂപയാണ് കിഫ്ബി മുഖേന സംസ്ഥാനം അനുവദിച്ചത്. ഈ തുക കിഫ്ബി സമയോചിതമായി നൽകിയതിലൂടെ, ഭൂമി ഏറ്റെടുക്കലിനായി<br>ശേഷിക്കുന്ന 75% നൽകുവാൻ NHAI യെ നിർബന്ധിതരാക്കി. ഇതിനാൽ NH വികസനം വേഗത്തിലായി. ഫലത്തിൽ, KIIFB അനുവദിച്ച 6,769 കോടി രൂപ ക്രൗഡിങ് എഫെക്ട് (Crowding Effect) കാരണം NHAI-ൽ നിന്ന് ഭൂമി ഏറ്റെടുക്കലിനായി 20,307 കോടി രൂപയും, റോഡുകളുടെ നിർമ്മാണത്തിനും അനുബന്ധ ചെലവുകൾക്കുമായി ഏകദേശം 34,500 കോടി രൂപയുടെ അധിക നിക്ഷേപവും കൊണ്ടുവരാൻ സാധിച്ചു. ഇത്തരത്തിൽ ഏകദേശം 55,000 കോടി രൂപയുടെ മൊത്തം നിക്ഷേപം (NHAI-ൽ നിന്നുള്ള LA + നിർമ്മാണ ചെലവുകൾ) സംസ്ഥാനത്ത് ഉറപ്പുവരുത്താനും സാധിച്ചു.<br><br>ഈ ഹൈവേ വികസനം കിഫ്ബി മുന്നോട്ടുവെക്കുന്ന വികസന ഇടനാഴികൾ, ഗിഫ്റ്റ് സിറ്റി, വ്യാവസായിക പാർക്കുകൾ തുടങ്ങി മറ്റ് വലിയ വികസന പദ്ധതികൾക്കും വളരെ നിർണ്ണായകമാണ്. |
| (ഡി) | കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നടപടി അതിജീവിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും ബദൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന ധനകാര്യ യാഥാസ്ഥിതികത്വത്തെ കേരളത്തിന്റെ ബദൽ വികസന മാതൃക നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായാണ് സർക്കാർ കാണുന്നത്. പക്ഷേ, കേന്ദ്രം ഉയർത്തുന്ന പ്രതിബന്ധങ്ങൾ കണ്ട് കേരളത്തിന്റെ ബദലിനെയോ അതിന്റെ നന്മകളെയോ വഴിയിലുപേക്ഷിക്കാൻ സർക്കാർ തയ്യാറല്ല. ഈ പുതിയ സാഹചര്യത്തെ അതിജീവിക്കാൻ സംസ്ഥാനത്തിന്റെ ധനകാര്യ-വികസന-ആസൂത്രണ സമീപനത്തിൽ കാതലായ മാറ്റം ആവശ്യമാണ്. ഇത് സംബന്ധിച്ച് സർക്കാരിന്റെ നയം 2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു ത്രിതല നയമാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കുക.<br><br>ഒന്ന്: ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽ മൂല്യങ്ങളെ തകർക്കുന്നതും സംസ്ഥാന ങ്ങളുടെ ധനകാര്യ ഇടം വെട്ടിച്ചുരുക്കുന്നതുമായ നയങ്ങൾക്കെതിരെ യോജിച്ച ചെറുത്തുനിൽപ്പ് സംഘടിപ്പിക്കും. വിവിധ സംസ്ഥാന സർക്കാരുകളെ |

| | | | |
|---|---|---|---|
| | | | സഹകരിപ്പിച്ച് ഫെഡറൽ മൂല്യങ്ങൾ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കും.<br><br>രണ്ട്: നികുതി-നികുതിയേതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനവും ആളോഹരി വരുമാനവും വർദ്ധിക്കുന്നുണ്ട്. എന്നാൽ അത് സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ പൂർണ്ണമായും പ്രതിഫലിക്കുന്നില്ല. കാരണം, സംസ്ഥാനത്തിന്റെ നികുതി അധികാരം പരിമിതമായതാണ്. നികുതി-നികുതിയേതര വരുമാനം ശേഖരിക്കാനുള്ള സംസ്ഥാനത്തിന്റെ പരിമിതമായ അധികാരം പരമാവധി കാര്യക്ഷമമായി ഉപയോഗിക്കും. നികുതിഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി.എസ്.ടി വകുപ്പിനെ സമഗ്രമായി പുനഃസംഘടിപ്പിച്ചു. രാജ്യത്ത് നികുതി വകുപ്പിനെ ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ച ആദ്യ സംസ്ഥാനമാണ് കേരളം. നികുതി ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തവും ജാഗ്രതയും പരമാവധിയാക്കുന്നതിന് സർക്കാർ ശ്രമിക്കും.<br><br>മൂന്ന്: മൂന്നാമത്തെ മാർഗ്ഗം വിഭവങ്ങളുടെ ഏറ്റവും കാര്യക്ഷമമായ ഉപയോഗം ഉറപ്പാക്കുക എന്നതാണ്. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ വളരെ സുസജ്ജമായ ഭരണസംവിധാന മാണ് കേരളത്തിനുള്ളത്. ജീവനക്കാരുടെ എണ്ണം, ഓഫീസ് സൗകര്യങ്ങൾ, വാഹനങ്ങളുടെ ലഭ്യത, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ തുടങ്ങിയവയിലെല്ലാം സംസ്ഥാനത്തിന്റെ സ്ഥിതി മെച്ചപ്പെട്ടതാണ്. ബൃഹത്തായ ഈ സംവിധാനത്തിന്റെ കാര്യക്ഷമതയും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ചുകൊണ്ട് കൂടുതൽ വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക എന്ന വെല്ലുവിളി ഏറ്റെടുക്കുകയും ഭരണ സംവിധാനത്തെ വിജ്ഞാന സമൂഹത്തിന് ചേർന്ന വിധത്തിൽ പുനഃസംഘടിപ്പിക്കുകയും ചെയ്യും. വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം ഭരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ കേരളത്തിലുണ്ട്. സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന തരത്തിലുള്ള പരിഷ്കാരങ്ങൾ വ്യാപകമാക്കും. സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങി വിജ്ഞാനോൽപ്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ സഹകരണം ഇക്കാര്യത്തിൽ ഉറപ്പാക്കും. |

സെക്ഷൻ ഓഫീസർ